15 -ാം കേരള നിയമസഭ

9 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1410 — 11-09-2023 - ൽ മറുപടിയ്ക്ക്

## കാരവൻ ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാരവൻ ടൂറിസം പദ്ധതി ആരംഭിച്ചത് എന്നാണെന്നും പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര സംരംഭകർ അംഗങ്ങളായിട്ടുണ്ടെന്നും അറിയിക്കാമോ; പദ്ധതിയിലൂടെ രജിസ്ട്രേഷൻഫീസ്, ജി.എസ്.ടി., മറ്റിനങ്ങൾ എന്നിവയിലൂടെ നാളിതുവരെ എത്ര തുകയുടെ വരുമാനം ലഭിച്ചിട്ടുണ്ടെന്ന് സാമ്പത്തികവർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | സ.ഉ.(കൈ) നം.18/2021/ടൂറിസം തീയതി 08/10/2021 പ്രകാരം കാരവൻ നയം പ്രഖ്യാപിച്ചതോടു കൂടിയാണ് സംസ്ഥാനത്ത് കാരവൻ ടൂറിസം പദ്ധതി ആരംഭിച്ചത്. നാളിതുവരെ 10 സംരംഭകർ കാരവൻ വാങ്ങി വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കാരവൻ ടൂറിസവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പിന് നേരിട്ട് വരുമാനം ലഭിക്കുന്നില്ല.<br><br>കാരവൻ സബ്സിഡി ഏർപ്പെടുത്തിയും കാരവനുകൾക്ക് നികുതി ഇളവ് നൽകിയും കാരവൻ ടൂറിസത്തിന് പ്രോത്സാഹനം നൽകി വരുന്നു. കൂടാതെ കാരവൻ ടൂറിസത്തിന്റെ പുരോഗതി 04.08.2023 ൽ കാരവൻ ടൂറിസം സംരംഭകരുമായി വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി ചർച്ച ചെയ്തിരുന്നു. സംരംഭകരുടെ കൂടി നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തുടർ നടപടികൾ പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് സർക്കാർ സംവിധാനങ്ങളിൽ നിന്നും സഞ്ചാരികളിൽ നിന്നും വേണ്ടത്ര അനുകൂല പ്രതികരണം ലഭിക്കുന്നില്ലായെന്നതും പദ്ധതിയിൽ അംഗങ്ങളായ സംരംഭകർ വലിയ പ്രതിസന്ധി നേരിടുകയാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | സ.ഉ.(കൈ) നം.18/2021/ടൂറിസം തീയതി 08/10/2021 പ്രകാരം കാരവൻ നയം പ്രഖ്യാപിച്ചതോടു കൂടിയാണ് സംസ്ഥാനത്ത് കാരവൻ ടൂറിസം പദ്ധതി ആരംഭിച്ചത്. നാളിതുവരെ 10 സംരംഭകർ കാരവൻ വാങ്ങി വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കാരവൻ ടൂറിസവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പിന് നേരിട്ട് വരുമാനം ലഭിക്കുന്നില്ല.<br><br>കാരവൻ സബ്സിഡി ഏർപ്പെടുത്തിയും കാരവനുകൾക്ക് നികുതി ഇളവ് നൽകിയും കാരവൻ ടൂറിസത്തിന് പ്രോത്സാഹനം നൽകി വരുന്നു. കൂടാതെ കാരവൻ ടൂറിസത്തിന്റെ പുരോഗതി 04.08.2023 ൽ കാരവൻ ടൂറിസം സംരംഭകരുമായി വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി ചർച്ച |

| | | | |
|---|---|---|---|
| | | | ചെയ്തിരുന്നു. സംരംഭകരുടെ കൂടി നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തുടർ നടപടികൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ